ഈ സംഘടിതപ്രവർത്തനത്തിന്റെ ഫലമായിട്ടാവാം, ഞങ്ങൾ ആറുപേരുടെ വിശദീകരണം സർക്കാരിലേക്കയച്ചുകൊണ്ട്, ഞങ്ങൾക്ക് ഒരു താക്കീതു നൽകി ഇതുസംബന്ധിച്ച നടപടികൾ നിർത്തിവയ്ക്കാൻ വിദ്യാഭ്യാസഡയറക്ടർ ശുപാർശ ചെയ്തു. എന്റെ സുഹൃത്തുക്കൾക്കു സർക്കാരിന്റെ താക്കീതു കിട്ടിയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. എനിക്ക് ഏതായാലും അതു കിട്ടുകയുണ്ടായില്ല. കാരണം, അതിനുമുമ്പ്, 1948 ഏപ്രിൽ മാസത്തിന്റെ മദ്ധ്യത്തിൽ, കൊടകര നാഷനൽ ഹൈസ്കൂളിന്റെ മാനേജ്മെന്റ് എന്നെ ജോലിയിൽനിന്നും പിരിച്ചുവിട്ടിരുന്നു. പിരിച്ചുവിടുന്നതിനു കാരണമായി പറഞ്ഞിരുന്നത്, ആ വിദ്യാഭ്യാസവർഷത്തിൽ, പാഠപുസ്തകക്കമ്മററിയുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടതിനെത്തുടർന്ന് ഒന്നരമാസക്കാലം അവധിയെടുക്കുവാൻ, സ്ഥിരം ജോലിക്കാരനല്ലാത്ത എനിക്ക് അർഹതയുണ്ടായിരുന്നില്ലെന്ന സാങ്കേതികകാരണമാണ്.

അങ്ങനെ ഞങ്ങളുടെ സമരം ജയിച്ചു; പക്ഷേ, എന്റെ ജോലി പോയി!

(മുണ്ടശ്ശേരി സ്മരണിക, 83–84)

# 69. പണ്ഡിതരാജൻ പി. എസ്. അനന്തനാരായണശാസ്ത്രികൾ

ഇരുപതാം നൂററാണ്ടിന്റെ ആദ്യത്തെ പകുതിയിൽ ഉജ്ജ്വലപ്രതിഭരായ ഏതാനും സംസ്കൃതപണ്ഡിതന്മാർ കേരളത്തിൽ ജീവിച്ചിരുന്നു. സംസ്കൃതസാഹിത്യത്തിലും, തർക്കം, വ്യാകരണം, വേദാന്തം, മീമാംസ, വൈദ്യം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങളിലും ഗുരുകുലരീതിയിലുള്ള ശിക്ഷണവും പാരമ്പര്യസമ്പ്രദായത്തിലുള്ള പചേളിമപാണ്ഡിത്യവും നേടിയവരായിരുന്നു ഇവർ. ഇവരിൽ ചിലരാകട്ടെ, ഇംഗ്ലീഷിലും പാശ്ചാത്യരീതിയിലുള്ള പൗരസ്ത്യവിദ്യാപഠനത്തിലുംകൂടി പരിചയം സമ്പാദിച്ചിരുന്നു. പട്ടാമ്പി, തൃപ്പൂണിത്തുറ, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള സംസ്കൃതകോളേജുകളുമായി ബന്ധപ്പെട്ടിരുന്ന ഇവരെ ആദരിക്കുന്നതു തങ്ങളുടെ കടമയായി കൊച്ചി-തിരുവിതാംകൂർ മഹാരാജാക്കന്മാർ കരുതിവന്നു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, കൊടുങ്ങല്ലൂർ ഭട്ടൻതമ്പുരാൻ, മാന്തിട്ട കുഞ്ചുനമ്പൂതിരി, ചേന്ദമംഗലം അയ്യാശാസ്ത്രികൾ, എം. ബി. ശങ്കരനാരായണശാസ്ത്രികൾ, വടക്കേപ്പാട്ട് നാരായണൻനായർ, തൃക്കോവിൽ ഉഴുത്രവാരിയർ, വലിയരാമപ്പിഷാരടി, സേതുമാധവദീക്ഷിതർ, സാംബശിവശാസ്ത്രികൾ, വാഴുയൊഴിഞ്ഞ കൊച്ചിമഹാരാജാവ്, പരീക്ഷിത്തുതമ്പുരാൻ അങ്ങനെ ഇവരുടെ പട്ടിക നീണ്ടുപോകുന്നു. ഈ പണ്ഡിതപരമ്പരയിൽ പ്രമുഖമായ ഒരു സ്ഥാനം വഹിച്ചിരുന്ന ആളാണ് ക്രിസ്തുവർഷം 1885–ൽ ജനിച്ച് 1947–ൽ അന്തരിച്ച പുതുക്കോട്ട് സീതാരാമയ്യർ അനന്തനാരായണശാസ്ത്രികൾ.

അനന്തനാരായണശാസ്ത്രികളുടെ പിതാവായ സീതാരാമയ്യർ തൃശ്ശൂരിൽ ജില്ലാക്കോടതിയിലെ ഒരു വക്കീൽ ആയിരുന്നു. നാരായണിയമ്മാൾ എന്നായിരുന്നു ശാസ്ത്രികളുടെ അമ്മയുടെ പേര്. പ്രസിദ്ധ പണ്ഡിതനായ പി. എസ്. സുബ്ബരാമപട്ടർ ശാസ്ത്രികളുടെ അനുജനായിരുന്നു.

ശാസ്ത്രികഠംക്കു് എട്ടു വയസ്സായിരിക്കെ പിതാവായ സീതാരാമയ്യർ വസൂരിരോഗം ബാധിച്ചു് അന്തരിച്ചു. ഇതുനിമിത്തം, തൃശ്ശൂർ സർക്കാർ സ്കൂളിൽ പഠിക്കുകയായിരുന്ന ശാസ്ത്രികഠംക്കു നാലാം ക്ലാസ്സിനപ്പുറം സ്കൂരം പഠിപ്പുതുടരാൻ കഴിഞ്ഞില്ല. അമ്മയുടെ അച്ഛൻ ഈ ബാലനെ പുതുക്കോട്ടേക്കു കൊണ്ടുപോയി സംസ്കൃതം പഠിപ്പിച്ചു. പുതുക്കോട്ടശാസ്ത്രികഠം, എടമന നമ്പൂതിരിപ്പാട്, പാടാനങ്കുരശ്ശി നാരായണശാസ്ത്രികഠം, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, ആർ. വി. കൃഷ്ണമാചാര്യർ എന്നിവരുടെയും, മററു ചിലരുടെയും ശിഷ്യനായി അനന്തനാരായണശാസ്ത്രികഠം വ്യാകരണം, തർക്കം, വേദാന്തം, സ്മൃതികഠം, വൈദ്യം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങഠം പഠിച്ചു. മുഖ്യപഠനവിഷയം വ്യാകരണമായിരുന്നു. ഇംഗ്ലീഷിലും അദ്ദേഹം നല്ല പാണ്ഡിത്യം ആർജിച്ചു. ഹിന്ദു് പത്രത്തിന്റെ മുഖപ്രസംഗലേഖകൻ ആയിത്തീന്ന കെ. പി. വിശ്വനാഥയ്യർ ശാസ്ത്രികളുടെ സുഹൃത്തായിരുന്നു. ശാസ്ത്രികഠം ഇംഗ്ലീഷിൽ എഴുതിയിരുന്ന മികച്ച ഗ്രന്ഥനിരൂപണങ്ങഠം പിൽക്കാലത്തു് 'ഹിന്ദു'വിൽ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. ദേശമംഗലത്തു പാത്തു് ശ്രീ എ. കെ. ടി. കെ. എം. ഗ്രൂപ്പൻനമ്പൂതിരിപ്പാടിനെയും മററും ശാസ്ത്രികഠം ഇംഗ്ലീഷ് പഠിപ്പിച്ചിട്ടുണ്ടു്.

തൃപ്പൂണിത്തുറ സംസ്കൃതകോളേജ് ആരംഭിച്ചപ്പോഠം, അവിടെ വ്യാകരണാദ്ധ്യാപകനായി നിയമിക്കപ്പെടുന്നതിനു് അനന്തനാരായണ ശാസ്ത്രികഠം ഒരു അപേക്ഷകനായിരുന്നു. എന്നാൽ, ശ്രീ എം. ബി. ശങ്കരനാരായണശാസ്ത്രികളാണു് ഈ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടതു്. അനന്തനാരായണശാസ്ത്രികഠം തൃശ്ശൂർ സർക്കാർ ഹൈസ്കൂളിൽ സംസ്കൃതാദ്ധ്യാപകനായി നിയമിക്കപ്പെട്ടു. പിന്നീടു് 1928–ൽ എറണാകുളം മഹാരാജാസ് കോളേജിൽ സംസ്കൃതപണ്ഡിതരായും അദ്ദേഹം നിയമിതനായി. സർവകലാശാലാബിരുദമില്ലാത്തതിനാൽ അദ്ദേഹത്തിനു് 'പണ്ഡിതർ' ആയിത്തന്നെ 1940–ൽ ജോലിയിൽനിന്നു വിരമിക്കേണ്ടിവന്നു.

ക്രിസ്തുവർഷം 1909 മുതൽ അദ്ദേഹം തൃപ്പൂണിത്തുറ വിദ്വൽസദസ്സിൽ സന്നിഹിതനായിത്തുടങ്ങി. ഈ സദസ്സിൽനിന്നു് അദ്ദേഹത്തിനു 'പണ്ഡിതരാജൻ' എന്ന ബിരുദം പിന്നീടു നൽകപ്പെട്ടു. തിരുവനന്തപുരത്തു നവരാത്രികാലത്തു നടന്നുവന്നിരുന്ന വിദ്വൽസദസ്സിൽനിന്നും ശാസ്ത്രികഠംക്കു് ഒരു കീത്തിമുദ്ര ലഭിക്കുകയുണ്ടായി.

ശാസ്ത്രികഠം അപ്രതിമനായ ഒരു വാഗ്മിയായിരുന്നു. സംസ്കൃതത്തിലും ഇംഗ്ലീഷിലും മലയാളത്തിലും അനർഗളമായും ഉജ്ജ്വലമായും പ്രസംഗിക്കുന്നതിനു് അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. ഈ മൂന്നു ഭാഷകളിലും വിദഗ്ദ്ധനായ ലേഖകൻകൂടിയായിരുന്നു അദ്ദേഹം. തൃശ്ശൂരിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന മംഗളോദയം മാസികയുടെ പത്രാധിപരായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. പാശ്ചാത്യ–പൗരസ്ത്യ വിജ്ഞാനശാഖകളെ ആധാരമാക്കി അദ്ദേഹം മലയാളത്തിൽ എഴുതിയ ഏതാനും ഉപന്യാസങ്ങളുടെ സമാഹാരമാണു് 'മണിമഞ്ജുഷ'. 'നവപുഷ്പമാല' എന്ന മറെറാരു ഉപന്യാസസമാഹാരത്തിൽ, കുമാരനാശാന്റെ 'കരുണ'യുടെ ഗുണഗണങ്ങഠം ആവിഷ്കരിച്ചുകൊണ്ടു് അദ്ദേഹം എഴുതിയ വിമർശനം അടങ്ങുന്നു. 'മേഘസന്ദേശവിമർശനം' ആണു് ശാസ്ത്രികളുടെ മറെറാരു പ്രസിദ്ധ മലയാളകൃതി. ഈ സ്വതന്ത്രകൃതികഠംക്കുപുറമെ ഭഗവത്ഗീത, ദേവീമാഹാത്മ്യം, ലഘുകൗമുദി, സാംഖ്യകാരിക എന്നിവയുടെ മലയാള വ്യാഖ്യാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. ശാസ്ത്രികഠം എഴുതിമുഴമിപ്പിക്കാതിരുന്ന നാരായണീയവ്യാഖ്യാനം പിന്നീടു് വടക്കുംകൂർ രാജരാജവർമ്മ പൂർത്തിയാക്കുകയുണ്ടായി. വാക്യതത്ത്വം, തർക്കസാരം, ബാലരാമായ

ണം, സംസ്കൃതോപക്രമപാഠം മുതലായവയാണ് അദ്ദേഹത്തിൻെറ സംസ്കൃതകൃതികരം. കൃഷ്ണനാട്ടം, ശ്രീപാദസപ്തതി, ശുകസന്ദേശം, കോകിലസന്ദേശം, ശ്രീകൃഷ്ണവിജയം മുതലായ ഏതാനും സംസ്കൃത കാവ്യങ്ങരം അദ്ദേഹം പരിശോധിച്ച് അവതാരിക, ടിപ്പണി എന്നിവയോടൊപ്പം തൃശ്ശൂർ മംഗളോദയത്തിൽനിന്നു പ്രകാശിപ്പിച്ചിട്ടുണ്ട്. മേല്പുത്തൂരിൻെറ ഗുരുവായ അച്യുതപ്പിഷാരടിയുടെ 'പ്രവേശകം' എന്ന സംസ്കൃതവ്യാകരണം, സ്വന്തമായ ഒരു വ്യാഖ്യാനത്തോടെ അദ്ദേഹം തൃപ്പൂണിത്തുറനിന്നു് അച്ചടിപ്പിച്ചിട്ടുമുണ്ട്. ഗ്രന്ഥകാരനെന്ന നിലയിലും പ്രാചീനഗ്രന്ഥപ്രകാശകനെന്നനിലയിലും 'അത്യർഹിതമാണ്' ശാസ്ത്രികളുടെ സേവനം.

ഒമ്പതു പുത്രിമാരും മൂന്നു പുത്രന്മാരുമടങ്ങിയ വിപുലമായ ഒരു കുടുംബമായിരുന്നു ശാസ്ത്രികളുടേതു്. വരുമാനം തുലോം കുറവായ അദ്ധ്യാപകവൃത്തിയിൽ ജീവിതം ഒതുക്കിയ ശാസ്ത്രികരം കുടുംബച്ചെലവുകരം നടത്തിക്കൊണ്ടുപോകുന്നതിനുതന്നെ വളരെയധികം ക്ലേശിച്ചിരുന്നു. പ്രത്യേകിച്ചും, തൻെറ പുത്രിമാരെ വിവാഹംകഴിപ്പിച്ച് അയയ്ക്കുവാൻ അദ്ദേഹം കുറെയേറെ കഷ്ടപ്പെട്ടു. ഈ ക്ലേശത്തെപ്പററി—'കന്യാദുഃഖം' എന്നാണ് അദ്ദേഹം അതിനെ പരാമർശിക്കുക—അടുത്ത ശിഷ്യരോടും പരിചിതരോടും അദ്ദേഹം തുറന്നു സംസാരിക്കുമായിരുന്നു. ശാസ്ത്രികളുടെ മൂത്ത പുത്രനായിരുന്ന ഹരിഹരൻ ഒരു പത്രപ്രവർത്തകനായിരുന്നു. അദ്ദേഹം 1984—ൽ അന്തരിച്ചു. രണ്ടാമത്തെ പുത്രനായ ബാലകൃഷ്ണൻ കേരള ഗവണ്മെൻറ് സർവ്വീസിൽനിന്നു് 1982—ൽ വിരമിച്ചു. മൂന്നാമത്തെ മകനായ സാംബശിവൻ ദീർഘകാലമായി രോഗബാധിതനാണ്. പുത്രിമാരിൽ ഡോ. മീനാക്ഷി അഡയാർ ക്യാൻസർ ഇൻസ്റ്റിററ്യൂട്ടിൽ ബയോ—കെമിസ്ട്രി വിഭാഗത്തിൽ ജോലിചെയ്യുന്നു. ഇവർ ഇപ്പോരം ആംസ്റ്റർഡാമിലാണ്.

ഊർജത്തിൻെറ ഒരു ഉറവിടമായിരുന്നു അനന്തനാരായണശാസ്ത്രികരം. നിലത്തു ചമ്രംപടിഞ്ഞിരുന്നാലും, കസേരയിലിരുന്നാലും, ഒരു റബ്ബർപ്പന്തുപോലെ അദ്ദേഹം കൂടെക്കൂടെ തുള്ളിയിളകുന്നതു കാണാം. തൃപ്പൂണിത്തുറ വിദ്വൽസദസ്സിൽ ആണ്ടുതോറും നടന്നുവന്നിരുന്ന വാക്യാർത്ഥങ്ങരംക്ക് അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ജീവൻ പകർന്നുവന്നു. രാമവർമ പരീക്ഷിത്തുതമ്പുരാൻ ആദ്ധ്യക്ഷ്യം വഹിച്ചിരുന്ന ഈ സദസ്സിൽ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ, അഭിനവഭട്ടബാണൻ എന്നു വിഖ്യാതനായ ആർ. വി. കൃഷ്ണമാചാര്യർ, ശാബ്ദികതിലകൻ അയ്യാശാസ്ത്രികരം, മാന്തിട്ട കുഞ്ചുനമ്പൂതിരി, ഡി. ടി. താതാചാര്യർ, സേതുമാധവ ദീക്ഷിതർ, സാംബശിവശാസ്ത്രികരം, എം. ബി. ശങ്കരനാരായണശാസ്ത്രികരം, വലിയരാമപ്പിഷാരടി, 'വേദാന്തശാസ്ത്രികരം' എന്നറിയപ്പെട്ടിരുന്ന വി. എ. കൃഷ്ണശാസ്ത്രികരം, അച്യുതപ്പൊതുവാരം, തൃക്കോവിൽ രാമവാരിയർ മുതലായ പല തലമുറകളിൽപ്പെട്ട, പണ്ഡിതന്മാർ സന്നിഹിതരാവാറുണ്ട്. പക്ഷേ, അനന്തനാരായണശാസ്ത്രികരം എത്തിച്ചേർന്നാൽ, സദസ്സിൻെറ കേന്ദ്രബിന്ദു അദ്ദേഹമായി മാറും. ആ അനർഗ്ഗളമായ സരസ്വതീപ്രവാഹവും, നിശിതമായ നിരീക്ഷണനൈപുണ്യവും ഒന്നു വേറെതന്നെയായിരുന്നു. വിദ്യാർത്ഥികളായിരുന്ന ഞങ്ങരംക്കെല്ലാം അദ്ദേഹത്തെ ഭയമായിരുന്നു; ഈ ഭയംനിമിത്തം 'ബ്രഹ്മരക്ഷസ്സ്' എന്ന ഒരു സ്വകാര്യ ശകാരപ്പേരു് അദ്ദേഹത്തിനു ഞങ്ങരം നൽകിയിട്ടുമുണ്ടായിരുന്നു. ഒരു വിഷയം പ്രതിപാദിക്കുമ്പോരം, കാര്യത്തിൻെറ കാതലിലേക്കു കടക്കാതെ സൂത്രത്തിൽ രക്ഷപ്പെടാൻ അദ്ദേഹം ഒരിക്കലും സമ്മതിക്കുമായിരുന്നില്ല.

വാക്യാർത്ഥസദസ്സുകളിൽനിന്നു ലഭിച്ച വ്യക്തിപരമായ പരിചയം ഉപയോഗപ്പെടുത്തി അനന്തനാരായണശാസ്ത്രികളെ പലകുറി അദ്ദേഹത്തിന്റെ എറണാകുളത്തുള്ള വാസസ്ഥലത്തു ചെന്നു ഞാൻ കണ്ടിട്ടുണ്ട്. ശിഷ്യനിർവിശേഷമായ സ്നേഹം അദ്ദേഹത്തിന് എന്നോടുണ്ടായിരുന്നു. തൃപ്പൂണിത്തുറ കോളേജിൽ ഞങ്ങളുടെ അവസാനവർഷത്തെ പരീക്ഷയ്ക്ക് അദ്ദേഹം ഒരു പരീക്ഷകനായിരുന്നു. എന്റെ ഉത്തരക്കടലാസ്സിൽ ഒരൊററ തെററുപോലുമില്ലെന്നു പിന്നീട് അദ്ദേഹം എന്നോടു പറഞ്ഞു. 'ഇനി എന്തു ചെയ്യുന്നു?' എന്ന് അദ്ദേഹം ചോദിച്ചപ്പോൾ, 'അവസരം ലഭിച്ചാൽ ഗവേഷണം നടത്താൻ ആഗ്രഹമുണ്ടെ'ന്നു ഞാൻ അറിയിച്ചു. സർവകലാശാലകളിൽ നടന്നുകൊണ്ടിരുന്ന ഗവേഷണത്തെപ്പററി അദ്ദേഹത്തിനു വലിയ മതിപ്പില്ലായിരുന്നു. തന്റെ അനുജനായ സുബ്ബരാമപട്ടർ എഴുതി സമർപ്പിച്ച 'ധ്വന്യാലോകപാഠങ്ങൾ' എന്ന പ്രബന്ധത്തിന് മദ്രാസ് സർവകലാശാലയുടെ എം. ഒ. എൽ. ബിരുദം നിഷേധിക്കപ്പെട്ടതിൽ അദ്ദേഹത്തിന് അമർഷമുണ്ടായിരുന്നു. ഇംഗ്ലീഷിൽ എഴുതപ്പെട്ട ഈ വിശിഷ്ടപ്രബന്ധം തള്ളിക്കളയപ്പെട്ടത് എന്തുകൊണ്ടെന്ന ആശ്ചര്യം ഇപ്പോഴും എന്നിൽ അവശേഷിക്കുന്നുണ്ട്. സുബ്ബരാമപട്ടരുമായി പില്ക്കാലത്തു വളരെ അടുത്തു പരിചയപ്പെടുവാൻ എനിക്ക് അവസരമുണ്ടായി. പാണ്ഡിത്യത്തിന്റെ അഗാധതയെപ്പോലെതന്നെ ശ്രദ്ധേയമായിരുന്നു സുബ്ബരാമപട്ടരുടെ വിനയത്തിന്റെ അഗാധതയും. ഇക്കാര്യത്തിൽ ജ്യേഷ്ഠാനുജന്മാർ വ്യത്യസ്ത ധ്രുവങ്ങളിലാണു നിലകൊണ്ടിരുന്നത്. പാണ്ഡിത്യത്തിന്റെ പ്രൗഢോജ്ജ്വലമായ പ്രകടനമായിരുന്നു അനന്തനാരായണശാസ്ത്രികളുടെ സവിശേഷത. ശാസ്ത്രികളോട് അല്പസമയം സംസാരിക്കാൻ കഴിഞ്ഞ ആർക്കും ആ ഔജ്ജ്വല്യത്തിനു മുമ്പിൽ തലകുനിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല.

തന്റെ പ്രതിഭാപ്രസരത്തിനും പരിശ്രമശീലത്തിനും പടർന്നു പന്തലിക്കാൻ ആവശ്യമായ പരിതഃസ്ഥിതികൾ നിർഭാഗ്യവശാൽ അനന്തനാരായണശാസ്ത്രികൾക്ക് ലഭിക്കുകയുണ്ടായില്ല. ഭാരതീയവിദ്യയുടെ വിഭിന്നമേഖലകളിൽ അധൃഷ്യമായ പാണ്ഡിത്യമുണ്ടായിരുന്നിട്ടും, ഇംഗ്ലീഷിൽ ബിരുദമില്ലാത്തതുനിമിത്തം സർവകലാശാലകളിലോ ഗവേഷണാലയങ്ങളിലോ അദ്ദേഹത്തിനു പ്രവേശം ലഭിക്കാതെപോയി. കോളേജിൽത്തന്നെ 'പണ്ഡിതൻ' എന്ന ഏററവും താഴ്ന്ന പദവിയിൽനിന്ന് ഉയരാൻ അദ്ദേഹത്തിനു സാദ്ധ്യമായില്ല.

അനന്തനാരായണശാസ്ത്രികളുടെ കൃതികളിൽ ഏററവും പ്രധാനപ്പെട്ടത് ഭഗവദ്ഗീതയ്ക്ക് അദ്ദേഹം രചിച്ച വ്യാഖ്യാനമാകുന്നു. അദ്ദേഹത്തിന്റെ ശതാബ്ദി ആഘോഷിക്കപ്പെടുന്ന ഈ ആണ്ടിൽ അതു പുനഃപ്രകാശനംചെയ്യുന്നത് ഉചിതമായിരിക്കും.

(19 ഏപ്രിൽ, 1985)